പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1193

04-12-2014-ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ ഉള്ള പ്രൊഫഷണൽ കോളേജുകൾ

| ചോദ്യം<br>ശ്രീ. പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ എത്ര പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട്; കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര പേർ വീതം പ്രൊഫഷണൽ കോഴ്സ് പാസ്സായി പുറത്തിറങ്ങിയിട്ടുണ്ട്; ഇതിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവർ ഓരോ വർഷവും എത്ര ശതമാനം വീതമായിരുന്നു; 2014-15 -ൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരെത്ര; അതിൽ പാസ്സായിട്ടുള്ളവർ എത്ര; അതിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവർ എത്ര; | (എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ ആകെ 173 പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട്; കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും പ്രൊഫഷണൽ കോഴ്സ് പാസ്സായി പുറത്തിറങ്ങിയവരുടെ എണ്ണം അനുബന്ധം ആയി ചേർത്തിട്ടുണ്ട്. കുസാറ്റിൽ ഇതുവരെ 210 പേർക്ക് ക്യാമ്പസ് സെലക്ഷൻ കിട്ടിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവരുടെ എണ്ണം ലഭ്യമല്ല. 2014-15- വർഷത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ 1915 പേരും, കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ 7957 പേരും, എം.ജി.സർവ്വകലാശാലയുടെ കീഴിൽ 11,452 പേരും, കേരള സർവ്വകലാശാലയുടെ കീഴിൽ 9,346 പേരും, എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കുമെന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. ഇവരുടെ ഫൈനൽ ഇയർ പരീക്ഷ 2015 ഏപ്രിൽ -മെയ് മാസങ്ങളിൽ നടക്കും. |
| (ബി) 2015-16 ൽ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സ് ഫൈനൽ ഇയർ പരീക്ഷ എഴുതുന്നവർ എത്ര? | (ബി) 2015-16-ലെ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സ് ഫൈനൽ ഇയർ പരീക്ഷയുടെ രജിസ്ട്രേഷൻ നടക്കാനിരിക്കുന്നതേയുള്ളു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ